# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വൈപ്പിൻ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ - സ്പെഷ്യൽ ഓഫീസറുടെ അധികച്ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.ബി1/42094/2017/കോവി.വ | തീയതി - 02/06/2018

---

പരാമർശം;-
1. ഈ ഓഫീസിലെ എ1/11247/17/കോ.വി.വ/കെഡിസ് നമ്പർ ഉത്തരവ്.
2. 04/05/2015 - ലെ മൂന്നാർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ കത്ത്
3. ഈ ഓഫീസിലെ 04/05/2018 തീയതിയിലെ ബി4/9744/18 നമ്പർ ഉത്തരവ്.

## ഉത്തരവ്

വൈപ്പിൻ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സ്പെഷ്യൽ ഓഫീസറുടെ പൂർണ്ണ അധികച്ചുമതല മഹാരാജാസ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയിരുന്നതും ഇപ്പോൾ മൂന്നാർ ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പാളുമായ ഡോ.കെ.ജയ കുമാറിന് പരാമർശം (1) പ്രകാരം നൽകിയിരുന്നു. മൂന്നാർ ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പാൾ എന്ന ജോലിക്കു പുറമേ മറ്റൊരു ജില്ലയിലെ സ്ഥാപനത്തിലെ സ്പെഷ്യൽ ഓഫീസറുടെ അധികച്ചുമതല ദൂരം കാരണം തനിക്ക് തൃപ്തികരമായി നിറവേറ്റാൻ കഴിയുന്നില്ല എന്നും ആയതിനാൽ തന്നെ സ്പെഷ്യൽ ഓഫീസറുടെ ചുമതലയിൽ നിന്നും ഒഴിവാക്കണം എന്നും ഡോ.കെ.ജയകുമാർ അപേക്ഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഡോ.കെ.ജയകുമാറിനെ മാറ്റി വൈപ്പിൻ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സ്പെഷ്യൽ ഓഫീസർ ചുമതലയിൽ നിന്നും പരാമർശം (3) പ്രകാരം ഒഴിവാക്കി സ്പെഷ്യൽ ഓഫീസറുടെ അധികചുമതല ടി കോളേജിലെ ഗണിത ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.ബർണാഡ്.കെ.എ - യ്ക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)
0471 - 2303107
dd.colledn.kerala.gov.in

പകർപ്പ്:-

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും, വ്യക്തികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. പ്രിൻസിപ്പൽ സെക്രട്ടറി,
   ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം.
4. കരുതൽ ഫയൽ/ നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.08/06/2018

GOVERNMENT OF KERALA 2017-18